LIBRARY ARCHIVES Kerala Legislative Assembly

കെൽട്രോണിനെ കടക്കെണിയിൽ നിന്നും രക്ഷിക്കാൻ നടപടി

23 [1228] ശ്രീ. മാങ്കോട് രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) കെൽട്രോണിൽ നിന്ന് എത്ര ജീവനക്കാരെ വി.ആർ.എസ്. പദ്ധതി പ്രകാരം പിരിച്ചുവിട്ടിട്ടുണ്ട് ;

(ബി) വി.ആർ.എസ്. നടപ്പിലാക്കുമ്പോൾ എന്തെല്ലാം വ്യവസ്ഥകളാണ് നിശ്ചയിച്ചിരുന്നത് ;

(സി) വി.ആർ.എസ്. നടപ്പിലാക്കിയതുമൂലമുണ്ടായ സാമ്പത്തിക ബാധ്യത സർക്കാർ ഏറ്റെടുത്തിട്ടുണ്ടോ ;

(ഡി) ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കാനും കെൽട്രോണിനെ കടക്കെണിയിൽനിന്നും രക്ഷിക്കാനുമുള്ള നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ഹോൾഡിംഗ് കമ്പനിയായ കെ. എസ്. ഇ. ഡി. സി.-യിൽ നിന്നും 704 പേരെ വി.ആർ.എസ്. പദ്ധതി പ്രകാരം പിരിച്ചുവിട്ടിട്ടുണ്ട്.

(ബി) 40 വയസ് പൂർത്തിയാകുകയോ, 10 വർഷത്തിൽ കുറയാതെയുള്ള സേവനമുള്ളവരോ ആണ് വി. ആർ. എസ്.-ന് അർഹതപ്പെട്ടത്. വി. ആർ. എസ്. പദ്ധതി പ്രകാരം പൂർത്തിയാക്കിയ ഓരോ വർഷത്തിനും ഒന്നര മാസത്തെ ശമ്പളമോ അല്ലെങ്കിൽ സർവീസ് അവസാനിക്കാൻ ശേഷിക്കുന്ന മാസങ്ങളുടെ ശമ്പളമോ ഇതിൽ ചെറിയ തുകയായിരിക്കും വി. ആർ. എസ്. തുകയായി നൽകുന്നത്. കൂടാതെ പി. എഫ്., ഗ്രാറ്റുവിറ്റി, ഏൺഡ് ലീവ് സറണ്ടർ, നോട്ടീസ് പേ എന്നിവയ്ക്കും അർഹതയുണ്ടായിരിക്കും

(സി) ഇല്ല

(ഡി) ഇതിലേക്കുള്ള കെൽട്രോണിന്റെ പുനരുദ്ധാരണ പദ്ധതി സർക്കാർ പരിശോധിച്ചുവരികയാണ്.

കെൽട്രോണിന് പ്രതിരോധ വകുപ്പിൽനിന്നും ലഭിച്ച ഓർഡറുകൾ

24 [1229] ശ്രീ. ബി. വിജയകുമാർ :

„ എം. എം. ഹസ്സൻ :

„ കെ. എ. ചന്ദ്രൻ :

„ ഡി. സുഗതൻ :

„ സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെൽട്രോണിന് പ്രതിരോധ വകുപ്പിൽ നിന്ന് ഈ വർഷം എത്ര തുകയ്ക്കുള്ള ഓർഡർ ലഭിച്ചിട്ടുണ്ട് ;